"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ധനകാര്യവകുപ്പ് - ജീവനക്കാര്യം- കേരള ജനറൽ സർവ്വീസ്-കമ്മീഷനിൽ നിന്നും നിയമന ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള പ്രീ സർവ്വീസ് ട്രെയിനിംഗ്- ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികളുടെ താത്ക്കാലിക തസ്തികകൾ സൃഷ്ടിച്ചും ട്രെയിനറുടെ കാലാവധി ദീർഘിപ്പിച്ചും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് - ബി) വകുപ്പ്

സ.ഉ.(കൈ) നം.157/2026/FIN തീയതി,തിരുവനന്തപുരം, 20-11-2026

പരാമർശം:- 1. 28.11.1966 തീയതിയിലെ സ.ഉ(പി)നം.464/1966/പി.ഡി ഉത്തരവ്

2. 07.02.2001 തീയതിയിലെ സ.ഉ(പി) നം.252/2001/ധന

3. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള 28.07.2026 ലെ R1A-2/3/2026-KPSC അഡ്വൈസ്

4. 01/10/2026 ലെ സ.ഉ (കൈ) നം. 126/2026/ധന സർക്കാർ ഉത്തരവ്

ഉത്തരവ്

കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനവുമായി ബന്ധപ്പെട്ട പരാമർശം 1 വിശേഷാൽ ചട്ടങ്ങൾ പ്രകാരം, നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ 18 മാസത്തെ പ്രായോഗിക പരിശീലനം നേടേണ്ടതുണ്ടെങ്കിലും പരാമർശം 2 ലെ ഉത്തരവ് പ്രകാരം ടി പ്രായോഗിക പരിശീലനത്തിന്റെ കാലയളവ് 12 മാസമായി കുറച്ചിട്ടുണ്ട്. പ്രസ്തുത പ്രീ സർവ്വീസ് പരിശീലനം അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും നിയമിക്കപ്പെടുന്ന ട്രെയിനിംഗ് ഓഫീസറുടെ മേൽനോട്ടത്തിലാണ് നടത്തപ്പെടുന്നത്. പരിശീലന കാലയളവിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികൾ പൂർണമായും അക്കൗണ്ടന്റ് ജനറലിന്റെ കീഴിലും പരിശീലനം നല്കുന്ന ട്രെയിനിംഗ് ഓഫീസറുടെ നിയന്ത്രണത്തിലുമായിരിക്കും.

കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിനായി 20 ഉദ്യോഗാർത്ഥികളെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം 3 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് വേണ്ടി ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികളുടെ 20 താത്ക്കാലിക തസ്തികകൾ സൃഷ്ടിക്കേണ്ടതും പരാമർശം (4) ഉത്തരവ് പ്രകാരം സൃഷ്ടിച്ച

ടെയിനറുടെ കാലാവധി ടി 20 ഉദ്യോഗാർത്ഥികളുടെ പരിശീലനം പൂർത്തിയാകുന്നത് വരെ ദീർഘിപ്പിക്കേണ്ടതുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് വേണ്ടി ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ടെയിനികളുടെ 20 താത്ക്കാലിക തസ്തികകൾ ഒരു വർഷക്കാലയളവിലേയ്ക്ക് സൃഷ്ടിച്ചുകൊണ്ടും പരിശീലന മേൽനോട്ടത്തിനായി 01/10/2026 തീയതിയിലെ സ.ഉ(കൈ)നം. 126/2026/ധന ഉത്തരവ് പ്രകാരം സൃഷ്ടിച്ച ടെയിനറുടെ കാലാവധി ടി 20 ഉദ്യോഗാർത്ഥികളുടെ പരിശീലനം പൂർത്തിയാകുന്നത് വരെ ദീർഘിപ്പിച്ചുകൊണ്ടും ഉത്തരവാകുന്നു.

പരിശീലന കാലയളവിൽ പരിശീലനാർത്ഥികൾക്ക് നിലവിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ ശമ്പള സ്കെയിലിന്റെ (50,200-1,05,300/-) മിനിമം അടിസ്ഥാന ശമ്പളമായ 50,200/- രൂപ അലവൻസായി നല്കുന്നതായിരിക്കും.

പരിശീലന പരിപാടിയുടെ ചെലവ് "2059-80-003-99-ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാരുടെ പരിശീലനം (NP)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം.
പൊതു ഭരണ (SC) വകുപ്പ് (ഇനം നമ്പർ.309 തീയതി 18.11.2026)
ചീഫ് എഞ്ചിനീയർ (ഭരണം) പൊതുമരാമത്ത് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്
ഇ. നമ്പർ 3604587/എസ്റ്റാ-ബി2/127/2026/ധന

ഉത്തരവിൻ പ്രകാരം
Digitally signed by
NITHIN JOSEPH
Date: 20-11-2026
12:23:23
സെക്ഷൻ ഓഫീസർ